മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം

121 (3555). ശ്രീ. എസ്. ശർമ്മ :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുന്നു വാങ്ങുന്നതിലും വാങ്ങിയ മരുന്നുകൾ വിതരണം ചെയ്യുന്നതിലും കേരളാ മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ക്രമക്കേട് നടത്തുന്നു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധന നടത്തിയിരുന്നോ ; വെയർ ഹൗസുകളിൽ നടത്തിയ പരിശോധനയിൽ കണ്ട ക്രമക്കേടുകൾ എന്തൊക്കെ യായിരുന്നു ;

(ബി) കണക്കിലുള്ള മരുന്നുകൾ സ്റ്റോക്കെടുപ്പിൽ ഇല്ലാതിരുന്നതിന്റെ പേരിൽ തുടരന്വേഷണം നടത്തിയിരുന്നോ ;

(സി) മരുന്നുവാങ്ങാതെ ബില്ലുമാത്രംവാങ്ങി അഴിമതി നടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ ;

(ഡി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് അക്കൗണ്ടന്റ് ജനറൽ നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെ യായിരുന്നു ;

(ഇ) ഗുരുതരമായ ആരോപണങ്ങൾ ഉയരുന്നതിന്റെ പശ്ചാത്തലത്തിൽ ഏതെങ്കിലും ബാഹ്യഏജൻസിയെ കൊണ്ട് സമഗ്ര അന്വേഷണം നടത്തിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) പരിശോധനകൾ നടത്തുകയുണ്ടായി. കാലാവധി കഴിഞ്ഞ മരുന്നുകൾ കമ്പനികൾക്ക് തിരികെ നൽകുകയും കമ്പനികളിൽനിന്നും അതിന് തുല്യമായ തുക ഈടാക്കുന്നതിനും മറ്റുമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) മരുന്നുകളുടെ ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച് സംഭരണശാലാ മേധാവികളിൽനിന്നും വിശദീകരണം ആരായുകയും ആയതിന്റെ അടിസ്ഥാനത്തിൽ അധികമായുള്ള മരുന്ന് സ്റ്റോക്കിൽ ഉൾക്കൊള്ളിച്ച് വിറ്റഴിക്കാനും ബാക്കിയുള്ളവ മരുന്നുകമ്പനി കൾക്കുതന്നെ തിരികെ നൽകാനുമുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശോധന ആവശ്യമായി വന്നിട്ടില്ല.

(ഡി) 2008-2013-ലെ ഓഡിറ്റ് സ്റ്റോക്ക് പെർഫോർമൻസ് റിപ്പോർട്ട് പ്രകാരം കോർപ്പറേഷൻ 92.66 കോടി രൂപയ്ക്കുള്ള 16,529 ബാച്ച് മരുന്നുകൾ (321 ഇനം മരുന്നുകൾ) നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലാതെ സംഭരിക്കുകയുണ്ടായി. കോർപ്പറേഷനിൽ മരുന്നുവിതരണത്തിൽ 'ഫിഫോ' സിസ്റ്റം വേണ്ടതുപോലെ ഉപയോഗിക്കാതെ വന്നതിനാൽ 2.91 കോടി രൂപയ്ക്കുള്ള മരുന്നുകൾ കാലഹരണപ്പെട്ടതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. 2008-2013 കാലയളവിൽ കോർപ്പറേഷൻ സംഭരിച്ച 47,650 ബാച്ച് മരുന്നുകളിൽ 382 ബാച്ചുമരുന്നുകൾ ഗുണനിലവാരമില്ലാത്തവയായിരുന്നു എന്ന് പരിശോധനയിൽ കണ്ടെത്തിയിരുന്നു. അതിൽ 122 ബാച്ചുമരുന്നുകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പുതന്നെ വിതരണം ചെയ്തുകഴിഞ്ഞു. സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് 2008-2012 കാലയളവിൽ നടത്തിയ പരിശോധനയിൽ വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ കുറവായിരുന്നു.

(ഇ) തൽക്കാലം പരിഗണനയിലില്ല.

മരുന്നുകളുടെ ഗുണമേന്മ പരിശോധന

122 (3556) ശ്രീ. എ. കെ. ബാലൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെയും മെഡിക്കൽ സ്റ്റോറുകളിലൂടെ വിൽക്കുന്ന മരുന്നുകളുടെയും ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിലെ സംവിധാനങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെ രോഗികൾക്ക് വിതരണം ചെയ്യുന്നതുമൂലമുണ്ടാകുന്ന ഗുരുതര സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് സംവിധാനം നവീകരിക്കുന്നതിനും ടെസ്റ്റുകളുടെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) പൊതുമേഖലാ സ്ഥാപനമായ കേരള ഡ്രഗ്സ് &ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.) പുതുതായി സ്ഥാപിച്ച ആധുനിക സജ്ജീകരണങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly